ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 13.10.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഉൽപ്പാദനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ പാതയിലൂടെ മാത്രമേ ഇന്ത്യയ്ക്ക് വികസിത രാഷ്ട്രമാകാൻ കഴിയൂവെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

**India can become a developed nation only through the path of a manufacturing-based economy: Union Education Minister Dharmendra Pradhan**

2. ഗാസയിൽ ഹമാസ് ബന്ദികളാക്കിയവരിൽ ഏഴ് ഇസ്രയേലി തടവുകാരെ മോചിപ്പിച്ചു. ഗാസ സംഘർഷം അവസാനിക്കുന്നതിന്റെ ഭാഗമായ അന്താരാഷ്ട്ര ഉച്ചകോടി ഇന്ന് ഈജിപ്തിൽ.

**Seven Israeli prisoners held by Hamas in Gaza have been released. An international summit to end the Gaza conflict is being held in Egypt today.**

3. I R C T C ഹോട്ടൽ അഴിമതി കേസിൽ ലാലു പ്രസാദ് യാദവ്, റാബ്റി ദേവി,തേജസ്വി യാദവ് തുടങ്ങിയവർ കുറ്റക്കാരെന്ന് ഡൽഹി കോടതി.

**Lalu Prasad Yadav, Rabri Devi, Tejashwi Yadav and others have been found guilty in the IRCTC hotel scam case by a Delhi court.**

4. **തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഒരാൾ കൂടി മരിച്ചതോടെ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണം 24 ആയി.**

**One more person died in Thiruvananthapuram district today, taking the death toll due to amoebic encephalitis in the state to 24.**

5. **ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് രണ്ടാം ഇന്നിങ്സ് ബാറ്റിംഗ് പുനരാരംഭിച്ചു.**

**In India-West Indies Test match the second innings of West Indies has resumed.**

******************************

## REV. VIKSIT BHARAT BUILDATHON –INTRO

ഉൽപ്പാദനാധിഷ്ഠിത സമ്പദ്വ്യവസ്ഥയുടെ പാതയിലൂടെ മാത്രമേ ഇന്ത്യയ്ക്ക് വികസിത രാഷ്ട്രമാകാൻ കഴിയൂ എന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. വിജ്ഞാനാധിഷ്ഠിത ലോകത്തെയും സമ്പദ്വ്യവസ്ഥയെയും നയിക്കാൻ ഇന്ത്യ സജ്ജമാണെന്നും അദ്ദേഹം പറഞ്ഞു.വിക്സിത് ഭാരത് ബിൽഡത്തൺ പരിപാടി വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് വോയിസ്)

രാജ്യത്തെ ഏറ്റവും വലിയ സ്കൂൾ ഹാക്കത്തോണായ 'വികസിത് ഭാരത് ബിൽഡത്തോണിൽ 3 ലക്ഷത്തിലധികം സ്കൂളുകളും 25 ലക്ഷത്തിലധികം വിദ്യാർത്ഥികളും അധ്യാപകരും ഓൺലൈനായി പങ്കെടുത്തു. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും കഴിവുകളും പ്രോൽസാഹിപ്പിക്കുക ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

******************************

## ISRAEL HOSTAGES (INTRO)

ഗാസയിൽ ഹമാസ് ബന്ദികളാക്കിയ ഇസ്രയേലി തടവുകാരെ മോചിപ്പിച്ചു തുടങ്ങി. ആദ്യഘട്ടത്തിൽ 7 പേരെ ഹമാസ് റെഡ് ക്രോസിന് കൈമാറി. ബന്ദികളെ റെഡ് ക്രോസ് ഇസ്രായേൽ സൈന്യത്തിന് കൈമാറും. 737 ദിവസങ്ങൾക്ക് ശേഷമാണ് ബന്ദികളുടെ മോചനം. **വിശദാംശങ്ങളിലേക്ക്....**

(വോയ്സ്)

ഇസ്രായേൽ തടവിലാക്കിയിരിക്കുന്ന 1,900-ലധികം പലസ്തീൻ തടവുകാർക്ക് പകരമായി 20 ബന്ദികളെ കൈമാറുമെന്ന് ഹമാസ് അറിയിച്ചു. മൂന്ന് ഘട്ടങ്ങളായാണ് ഹമാസ് ബന്ദികളെ ഇസ്രയേലിന് കൈമാറുന്നത്. അതനുസരിച്ച് പലസ്തീൻ തടവുകാരെയും ഇസ്രയേൽ വിട്ടയക്കും. 28 ബന്ദികളുടെ മൃതദേഹങ്ങളും കൈമാറാനുണ്ട്. 2023 ഒക്ടോബർ 7-ന് ഹമാസ് അതിർത്തി കയറി നടത്തിയ ആക്രമണത്തിലാണ് ഇസ്രയേൽ പൗരൻമാരെ ബന്ദികളാക്കിയത്. യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച ഗാസ സമാധാന പദ്ധതിയുടെ ഭാഗമായാണ് തടവുകാരെ മോചിപ്പിക്കുന്നത്. അതിനിടെ, ഗാസയിലെ യുദ്ധം അവസാനിപ്പിക്കുന്ന സമാധാന കരാറിന് അന്തിമരൂപം നൽകുന്നത് ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര ഉച്ചകോടി ഇന്ന് ഈജിപ്റ്റിലെ ഷാം എൽ-ഷൈഖിൽ നടക്കും. ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ-സിസിയും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും സംയുക്തമായി യോഗത്തിന് നേതൃത്വം നൽകും. യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഉൾപ്പെടെ 20 ലധികം രാജ്യങ്ങളിൽ നിന്നുള്ള നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ന്യൂസ് ഡസ്ക്, ആകാശവാണി....**

******************************

## COURT - LALU

ഐആർസിടിസി ഹോട്ടൽ അഴിമതി കേസിൽ മുൻ റയിൽവേ മന്ത്രിയും ആർ ജെ ഡി പ്രസിഡന്റുമായ ലാലു പ്രസാദ് യാദവ്, ഭാര്യയും മുൻ ബിഹാർ മുഖ്യമന്ത്രിയുമായ റാബ്റി ദേവി, മകൻ തേജസ്വി യാദവ് തുടങ്ങിവർ കുറ്റക്കാരെന്ന് വിധിച്ച് കോടതി. ഡൽഹി റൗസ് അവന്യൂ കോടതി സ്പെഷ്യൽ ജഡ്ജ്-പിസി ആക്ക് വിശാൽ ഗോഗ്നെയുടേതാണ് വിധി. അഴിമതി, ക്രിമിനൽ ഗൂഢാലോചന, വഞ്ചന എന്നീ കുറ്റങ്ങളാണ് മൂന്നുപേർക്കെതിരെയും കോടതി ചുമത്തിയത്. കുറ്റക്കാരല്ലെന്ന് പ്രതികൾ വാദിച്ചതിനാൽ കേസിലെ തുടർവിചാരണ നടക്കും. ലാലു യാദവ് റെയിൽവേ മന്ത്രിയായിരുന്ന 2004 മുതൽ 2009 വരെ ഐആർസിടിസി ഹോട്ടൽ അറ്റകുറ്റപ്പണി നടത്തുന്ന കരാർ നൽകുന്നതിന് ലാലു യാദവും കുടുംബവും വിലകൂടിയ ഭൂമി കൈക്കൂലിയായി സ്വീകരിച്ചതായാണ് സിബിഐ കേസ്.

*****************************

## AMIT SHAH - JAIPUR

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജസ്ഥാൻ സന്ദർശിക്കും. പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കിയതിൻറെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രദർശന പരിപാടി കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും. ഇന്ന് മുതൽ ഈ മാസം 18 വരെ വരെയാണ് പ്രദർശനം. നിരവധി വികസന പദ്ധതികൾക്കും കേന്ദ്രമന്ത്രി തുടക്കം കുറിക്കും.

*****************************

## GOYAL - PM GATI SHAKTI

ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ പ്രധാൻമന്ത്രി ഗതി ശക്തി പദ്ധതി പരിവർത്തനാത്മക സ്വാധീനം ചെലുത്തിയതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഗതാഗതസൗകര്യം ഉറപ്പാക്കുന്നതിലും ചരക്കുനീക്കം മെച്ചപ്പെടുത്തുന്നതിലും പദ്ധതി ഏറെ സഹായകരമായെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. വിക്സിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള രാജ്യത്തിന്റെ യാത്രയിൽ പിഎം ഗതിശക്തി സുപ്രധാന പങ്ക് വഹിക്കുന്നതായും ശ്രീ ഗോയൽ വ്യക്തമാക്കി.

*****************************

## SC-KARUR

തമിഴ്നാട്ടിലെ കരൂരിൽ നടൻ വിജയ് നയിക്കുന്ന ടി വി കെ പാർട്ടിയുടെ റാലിക്കിടെ ഉണ്ടായ അപകടത്തിന്റെ അന്വേഷണം സി ബി ഐക്ക് കൈമാറാൻ സുപ്രീംകോടതി ഉത്തരവ്. സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കാനുള്ള മദ്രാസ് ഹൈക്കോടതി ഉത്തരവിനെതിരെ വിജയ് സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഇതിനു പുറമെ സുപ്രീംകോടതി മുൻ ജഡ്ജി അജയ് റസ്തോഗി അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയും സംഭവത്തെ കുറിച്ച് അന്വേഷിക്കണമെന്ന് കോടതി ഉത്തരവിട്ടു. കഴിഞ്ഞ മാസം 27 ന് നടന്ന അപകടത്തിൽ 41 പേരാണ് മരിച്ചത്.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*****************************

## BIHAR – NOTIFICATION

ബീഹാറിലെ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു . 20 ജില്ലകളിലായി 122 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള നാമനിർദ്ദേശ നടപടികൾക്കും ഇതോടെ തുടക്കമായി. ഈ മാസം 20 വരെ പത്രിക സമർപ്പിക്കാം. രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് നവംബർ 11 ന് നടക്കും, വോട്ടെണ്ണൽ നവംബർ 14 ന് നടക്കും. എൻ.ഡി.എയുടെ സീറ്റ് വിഭജന ചർച്ചകൾ ഇന്നലെ പൂർത്തിയായി. ഐ,എൻ.ഡി.ഐ സംഖ്യത്തിൻറെ സീറ്റ് വിഭജന ചർച്ചകൾ പുരോഗമിക്കുകയാണ്.

******************************

## EC – BY ELECTION

ഏഴ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനവും തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഈ നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നവംബർ 11 ന് നടക്കും,

******************************

## DAY-DURGAPUR

പശ്ചിമബംഗാളിലെ ദുർഗാപൂരിൽ മെഡിക്കൽ വിദ്യാർത്ഥിനിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ ഒരു പ്രതിയെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. സദ്ദാം എന്ന പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. ഇന്നലെ അറസ്റ്റിലായ മൂന്ന് പേരെ കോടതി 10 ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടിരുന്നു. ഒക്ടോബർ 10 ന് രാത്രിയിലാണ് കോളേജ് കാമ്പസിന് സമീപം വിദ്യാർത്ഥിനി കൂട്ടബലാത്സംഗത്തിന് ഇരയായത്.

******************************

## CHIEF MINISTER-EDUCATION SEMINAR

കേരളത്തിൻറെ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയിൽ നവോത്ഥാന പ്രസ്ഥാനവും നവോത്ഥാന നായകരും വഹിച്ച പങ്ക് വലുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാവി വികസന ലക്ഷ്യങ്ങൾ സംസ്ഥനതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും വിടവുകളുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*****************************

## AMEBIC

തിരുവനന്തപുരം ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വീണ്ടും ഒരാൾ കൂടി മരിച്ചു. കൊല്ലം സ്വദേശിയായ പുരുഷനാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ ദിവസം കൊല്ലം സ്വദേശിയായ സ്ത്രീയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചിരുന്നു.ഇതോടെ സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചവരുടെ എണ്ണം 24 ആയി. കണ്ണൂർ ജില്ലയിൽ മൂന്നര വയസുകാരനും, പാലക്കാട് 62 കാരനും പുതിയതായി രോഗം സ്ഥിരീകരിച്ചു.

*****************************

## TEST CRICKET – IND VS WI

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് മത്സരത്തിൻറെ രണ്ടാം ഇന്നിങ്സ് ബാറ്റിംഗ് പുനരാരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുന്പോൾ വിൻഡീസ് 3 വിക്കറ്റ് നഷ്ടത്തിൽ 271 റൺസ് എന്ന നിലയിലാണ്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 518 ന് ഡിക്ലയർ ചെയ്തിരുന്നു.

*****************************

## SABARIMALA INSPECTION

ശബരിമലക്ഷേത്രത്തിലെ സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിയോഗിച്ച റിട്ടേർഡ് ജസ്റ്റിസ് കെ.ടി ശങ്കരൻ്റെ നേതൃത്വത്തിൽ ശബരിമല സന്നിധാനത്ത് മൂന്നാം ദിവസവും പരിശോധന പുരോഗമിക്കുന്നു. കൂടാതെ ക്രൈംബ്രാഞ്ച് എസ്.പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘവും സന്നിധാനത്ത് തെളിവെടുപ്പ് നടത്തുകയാണ്. വരും ദിവസങ്ങളിൽ ആറന്മുളയിലെ സ്ട്രോങ് റൂമിലും ജസ്റ്റിസിൻ്റെ നേതൃത്വത്തിൽ പരിശോധന നടക്കും.

******************************

## CPR

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻ്റെ ആഭിമുഖ്യത്തിലുള്ള സി പി ആർ അവബോധ വാരാചരണത്തിന് ഇന്ന് രാജ്യവ്യാപക തുടക്കം. അടിയന്തിര ജീവൻ രക്ഷ മാർഗ്ഗമായ CPR -ന്റെ പ്രാധന്യത്തെ പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഹൃദയസ്തംഭനം അല്ലെങ്കിൽ പെട്ടെന്ന് ബോധക്ഷയം സംഭവിക്കുന്ന വ്യക്തികളിൽ നടത്തുന്ന ഒരു അടിയന്തര നടപടിക്രമമാണിത്.

******************************

## IMD WEATHER

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ആന്ധ്രാപ്രദേശിന്റെ തീരദേശം, മാഹി, തെക്കൻ കർണാടക, തമിഴ്നാട്, പുതുച്ചേരി, ഒഡീഷ, തെലങ്കാന, ലക്ഷദ്വീപ് എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴക്ക് സാധ്യതയുണ്ട്.

******************************

## GST

രാജ്യത്ത് കഴിഞ്ഞ മാസം 22 മുതൽ ആരംഭിച്ച ജിഎസ്ടി ബചത് ഉത്സവ് പഞ്ചാബിലെ വിവിധ വ്യവസായങ്ങൾക്ക് കരുത്ത് പകരുന്നു. പഞ്ചാബിലെ കരകൗശല വിദഗ്ധർ, കർഷകർ, ചെറുകിട ബിസിനസുകൾ എന്നിവർക്കും ജിഎസ്ടി പരിഷ്കരണം നേട്ടമായി. പഞ്ചാബിലെ തുണിത്തരങ്ങൾക്കും കരകൗശല മേഖലകൾക്കും ഈ പരിഷ്കരണം ഗുണകരമായി മാറുകയാണ്.

*****************************

## NAM- MID TERM MINISTERIAL

ചേരിചേര പ്രസ്ഥാനത്തിന്റെ 19-ാമത് അർദ്ധ വാർഷിക സമ്മേളനത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിങ് ഇന്ത്യൻ പ്രതിനിധ സംഘത്തെ നയിക്കും. ഈ മാസം 15, 16 തീയതികളിൽ ഉഗാണ്ടയിലെ കംപാലയിലാണ് സമ്മേളനം നടക്കുന്നത്. ഇതിന് മുന്നോടിയായി ഇന്നും നാളെയുമായി നടക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ കേന്ദ്ര സഹമന്ത്രി പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. 2024 -26 കാലയളവിൽ ഉഗാണ്ടയാണ് ചേരിചേര പ്രസ്ഥാനത്തിന്റെ അധ്യക്ഷത വഹിക്കുന്നത്. സഹകരണം ശക്തിപ്പെടുത്തുന്നതിലൂടെ ആഗോള സമൃദ്ധി എന്നതാണ് ഇത്തവണത്തെ പ്രമേയം. 121 വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായ ചേരിചേര പ്രസ്ഥാനത്തിന്റെ സ്ഥാപക അംഗ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

**************************************************************************************************************************
*****************************